# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 961 30.11.2018 -ലെ മറുപടി

### ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.എസ്.ശിവകുമാർ | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ഈ മഴക്കാലത്തിന് മുമ്പ് തിരുവനന്തപുരത്തെ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിരുന്നോ; | (എ) നൽകിയിരുന്നു |
| (ബി) എങ്കിൽ എത്ര ലക്ഷം രൂപയുടെ പ്രൊപ്പോസലാണ് നൽകിയത്; എത്രലക്ഷം രൂപ ഇക്കാര്യത്തിന് അനുവദിച്ചു; | (ബി) 38 ലക്ഷം രൂപയുടെ പ്രൊപ്പോസൽ അനുമതിക്കായി തിരുവനന്തപുരം വൻകിട ജലസേചനവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തിരുവനന്തപുരം ജില്ലാ കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായിട്ടില്ല. |
| (സി) മഴക്കാലത്തിന് മുമ്പ് ആമയിഴഞ്ചാൻ തോട് വൃത്തിയാക്കാതിരുന്നത് കൊണ്ട് ഗൗരീശപട്ടം, കുഴിവയൽ ഭാഗങ്ങളിൽ രൂക്ഷമായ വെള്ളപ്പൊക്കം ഉണ്ടാകുന്നതായും വീടുകളിൽ വെള്ളം കയറി നാശനഷ്ടങ്ങൾ ഉണ്ടായതായും കണ്ടെത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) എങ്കിൽ ആമയിഴഞ്ചാൻ തോടിലെ മണ്ണും എക്കലും എത്രയും വേഗം നീക്കം ചെയ്ത് മേല്പറഞ്ഞ സ്ഥലങ്ങളിലെ രൂക്ഷമായ വെള്ളപ്പൊക്കം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ഡി) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി ആമയിഴഞ്ചാൻ തോടിനെയും അനുബന്ധ തോടുകളേയും, കരമന കിള്ളിയാർ എന്നീ നദികളെയും ചേർത്ത് ഒരു സമഗ്ര പദ്ധതി RITES ന്റെ പഠനത്തിന് അനുസൃതമായി തയ്യാറാക്കി വരികയാണ്. ഇതിൽ ആമയിഴഞ്ചാൻ തോടിൽ ഉള്ള മണ്ണും എക്കലും നീക്കാൻ ഉള്ള നടപടികളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ